ഇന്ത്യൻ ബുദ്ധിജീവികളുടെ പ്രതിഷേധം ആരോട്...?



തുഫെയ്ൽ അഹമ്മദ്



മധുശ്രീ ദത്ത, സയ്യിദ് മിർസ, കുന്ദൻ ഷാ, ഐറിൻ മാലിക് എന്നിവർ തങ്ങളുടെ പുരസ്കാരങ്ങൾ തിരികെ ഏൽപ്പിക്കുന്നു

ഇന്ത്യൻ തലസ്ഥാനത്തുനിന്ന് അധികം അകലെയല്ലാതെ ദാദ്രിയിൽ കഴിഞ്ഞ സപ്തംബർ അവസാനവാരം നടന്ന സംഭവമാണ്. പശുവിനെകൊന്നെന്നും മാംസം കഴിച്ചെന്നും ആരോപിയ്ക്കപ്പെട്ട് മുഹമ്മദ് അഖ്‌ലാഖ് എന്ന ഒരാൾ രോഷാകുലരായ ജനക്കൂട്ടത്തിന്റെ ആക്രമണത്തിൽ കൊല്ലപ്പെടുന്നു.

ബീഹാറിൽ 1970 കളിലും നൂറ്റാണ്ടിലും 1980കളിലും ഭാരതീയ ജനതാപാർട്ടി ഇല്ലാതിരുന്ന കാലത്തുതന്നെ പശുവിനെ കൊല്ലുന്നത് നിരോധിയ്ക്കപ്പെട്ടിരുന്നു. ബീഫിന്റെ പേരിൽ സംഘർഷങ്ങൾ ഉണ്ടാവുകയും പോലീസുകാർ വീടുകളിൽ കയറിയിറങ്ങുകയും ചെയ്യുന്ന ഒരു സമയവുമുണ്ടായിരുന്നു.

'മതേതരവാദി'കളുടെ വിമർശനങ്ങളിലെ കാപട്യം പുതുമയല്ല. പക്ഷേ അത് ഗൂഢാലോചനനകൂടിയാണ് എന്നറിയുമ്പോഴോ?

ബീഫിന്റെ പേരിലുള്ള സംഘർഷങ്ങൾ ഇന്ത്യയിൽ ഇതാദ്യമായിട്ടൊന്നുമല്ല.

ലോകത്തിലുള്ള ഇസ്ലാമിക് രാഷ്ട്രങ്ങളിൽ പശുക്കളെ കൊല്ലുന്നില്ല. ഗോമാതാവിനെ ആരാധിയ്ക്കുന്ന ഹിന്ദുമതാചാരങ്ങളെ വെല്ലുവിളിയ്ക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇന്ത്യൻ ഇസ്ലാമിസ്റ്റുകൾ ഇവിടെ ഗോവധം നടപ്പിലാക്കിയത്. പശുക്കളെ കൊന്നുതിന്നുന്നത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലാണ് എന്നതിന് ഇതാണ് കാരണം. പാക്കിസ്ഥാനി മാർക്കിസ്റ്റുകളുടെ പുതിയ ഉർദ്ദു മാസികയായ ഫിക്രിനൗ ഗോവധത്തെക്കുറിച്ച് പരിശോധിയ്ക്കുന്നു. നമുക്ക് ചരിത്രത്തിലേയ്ക്കൊന്ന് തിരിഞ്ഞുനോക്കാം.

ബി.ജെ.പിയും ആർ.എസ്സ്.എസ്സും ഇല്ലാതിരുന്ന കാലത്തുതന്നെ



പ്രതാപഭാനു മേത്ത

ഒരു ആഗോളശക്തിയായി ഇന്ത്യ കുതിച്ചുയരുമ്പോൾ നിയമം കൈയിലെടുക്കുന്ന ഏതൊരാളേയും പ്രോസിക്യൂട്ട് ചെയ്ത് ജയിലിൽ അടയ്ക്കണമെന്നാണ് ഇവിടുത്തെ അങ്ങേയറ്റത്തെ 'വലതുപക്ഷ' ഹിന്ദുവിന്റെയും അഭിപ്രായം.

പതിനാറാം നൂറ്റാണ്ടിൽ അക്ബർ ചക്രവർത്തി ഗോവധം നിരോധിച്ചിരുന്നു. എന്നാൽ ഇസ്ലാം ഭരണകൂടത്തിൻകീഴിൽ മുസ്ലീങ്ങൾക്ക് എന്തുകൊണ്ട് പശുക്കളെ കൊന്നുകൂടാ എന്നു മുഗൾ ചക്രവർത്തിയെ രൂക്ഷമായി വിമർശിക്കുകയും ചെയ്ത ഒരു പ്രഗത്ഭ ഇസ്ലാം പണ്ഡിതനായിരുന്നു ഷേയ്ക്ക് അഹമ്മദ് സിർഹിൻഡി. ഭൂരിപക്ഷ ഹിന്ദുക്കളുടെ മതവികാരത്തെക്കുറിച്ച് അക്ബർ ബോധവാനായിരുന്നു. എന്നാൽ ഇന്നത്തെ 'അഭിപ്രായവീര'ന്മാരെപ്പോലെ, ഷെയ്ക്ക് സിർഹിൻഡിയെപോലുള്ള ഇസ്ലാമിസ്റ്റുകൾക്ക് അതൊന്നും ഒരു പ്രശ്നമായിരുന്നില്ല.

52

1947 ന് ശേഷം ഇന്ത്യൻ ഇസ്ലാമിസ്റ്റ് സംഘടനകളുടെ വരവോടെയാണ് പാക്കിസ്ഥാൻ അടക്കമുള്ള ഭൂപ്രദേശങ്ങളിൽ ഗോവധം നടപ്പിലായത് എന്ന് 'ഫിക്രി-നൗ' മാഗസിൻ വാദിക്കുന്നു.

ദാദ്രിയിൽ നടന്നത് മതപരമായ കൊലപാതകമല്ല

ഒരു ആഗോളശക്തിയായി ഇന്ത്യ കുതിച്ചുയരുമ്പോൾ നിയമം കൈയിലെടുക്കുന്ന ഏതൊരാളേയും പ്രോസിക്യൂട്ട് ചെയ്ത് ജയിലിൽ അടയ്ക്കണമെന്നാണ് ഇവിടുത്തെ അങ്ങേയറ്റത്തെ 'വലതുപക്ഷ' ഹിന്ദുവിന്റെയും അഭിപ്രായം.

പ്രമുഖ ബി.ജെ.പി സമാജികൻ തരുൺ വിജയ്, ഒക്ടോബർ -2 ന് എഴുതിയ തന്റെ ലേഖനത്തിൽ മുന്നോട്ടുവെച്ചതും ഇതേ കാര്യമാണ്. വിഷയത്തെ ഗൗരവമായി സമീപിയ്ക്കാനും ഭരണഘടന അനുശാസിക്കുന്ന കർശന നടപടികൾ കൈക്കൊള്ളാനും അഖിലേഷ് യാദവ് ഗവണ്മെണ്ടിനോട് അദ്ദേഹം ആവശ്യപ്പെട്ടു.

തികച്ചും മതേതരമായ ഒരു കാഴ്ചപ്പാട് ഇങ്ങനെയായിരിക്കണം.

നിയമം കൈയിലെടുക്കുന്ന ഏതോരാൾക്കെതിരായും അഖിലേഷ് യാദവിന്റെ സോഷ്യലിസ്റ്റ് ഗവൺമെന്റ് കർശനമായ സത്വരനടപടികൾ എടുക്കണം.

എന്നിരുന്നാലും, നിർഭാഗ്യവശാൽ ഇന്ത്യയുടെ സ്വതന്ത്ര- മതേതര ബുദ്ധിജീവിവർഗ്ഗത്തിന് ഈ സമീപനത്തോട് താല്പര്യമില്ല. അടുത്തകാലത്തായി പ്രത്യേകിച്ചും, മതപരമായ രാഷ്ട്രീയം കളിക്കാനാണ് അവർക്കിഷ്ടം.

പേരെടുത്ത ഗോസിപ്പ് കോളമിസ്റ്റ് ശോഭാഡേയുടെ ടീറ്റ്- ഒക്ടോബർ 1 ന് :- 'ഞാൻ ഇപ്പോൾ ബീഫ് കഴിച്ചു എന്നെ കൊല്ലൂ', നമ്മുടെ സ്വതന്ത്ര മതേതര ബുദ്ധിജീവിവർഗ്ഗത്തിനും ഇസ്ലാമിസ്റ്റുകൾക്കും പ്രശ്നം നിയമവാഴ്ചയുടെ തകർച്ചയല്ല-മറിച്ച് രാഷ്ട്രീയമാണ്. മതംകൊണ്ട് നിറംപിടിപ്പിച്ച രാഷ്ട്രീയം.

ഉദാഹരണത്തിന് ദാദ്രിയിലെ അക്രമാസക്തമായ ജനക്കൂട്ടത്തെ പ്രോസിക്യൂട്ട് ചെയ്യാൻ യാദവിന്റെ സോഷ്യലിസ്റ്റ് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിന് പകരം പ്രമുഖ ഇടതു സ്വതന്ത്രബുദ്ധിജീവിയായ പ്രതാപ് ഭാനുമേത്ത ആക്രമിയ്ക്കുന്നത് തരുൺ വിജയ് നെയാണ്. ഇത്തരം 'വ്യാജ മതേതര' രാഷ്ട്രീയത്തെ വിമർശിച്ചുകൊണ്ടിരിക്കുന്ന തരുൺ വിജയിനെ.

താത്വികമായ ചട്ടക്കൂടിനുള്ളിൽ സ്വതന്ത്രചിന്തകരെയും പാരമ്പര്യവാദികളേയും വിലയിരുത്തേണ്ടത് ഇങ്ങിനെയാണെന്ന് തോന്നുന്നു. പാരമ്പര്യവാദികൾ സാമൂഹിക യാഥാർത്ഥ്യങ്ങളെ യഥാതഥമായി ഉൾക്കൊള്ളുന്നു. എന്നാൽ സ്വതന്ത്രചിന്തകരാകട്ടെ, ഇടതുപക്ഷ വീക്ഷണത്താൽ നിറം പിടിപ്പിച്ച് സാമൂഹിക യാഥാർത്ഥ്യങ്ങൾ എങ്ങിനെയായിരിയ്ക്കണമെന്ന് വിശദീകരിക്കുന്നു.

പാരമ്പര്യവാദികൾ വേരുകളുള്ളവരാണ്. സത്യസന്ധരാണെങ്കിലുംശുഭപ്രാപ്തി വിശ്വാസികളാണ് സ്വതന്ത്രചിന്തകരാകട്ടെ, പ്രതീക്ഷയുള്ളവരാണെങ്കിലും, വിഘടന ചിന്താഗതിയുള്ളവരും സത്യസന്ധതയില്ലാത്തവരുമാണ്.

ലണ്ടനിലെ ഇടതുപക്ഷ മാസികയായ ദി ന്യൂ സ്റ്റേറ്റ്മാന്റെ മുൻ എഡിറ്റർ ജോൺ ലോയ്ഡ് നിരീക്ഷിക്കുന്നതിങ്ങനെ: '' അനുഭവങ്ങളെ അവഗണിച്ചുകൊണ്ടു വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽ മാത്രം ചിന്തിക്കവാൻ ആവശ്യപ്പെടുന്നവരാണ് ലിബറലുകൾ.

പി.ബി.മേത്തയുടെ ആദർശാധിഷ്ഠിത രാഷ്ട്രീയത്തിന്റെ അടിത്തറ ഇങ്ങനെയാണ്. പ്രതിഷേധശബ്ദമുയർത്തിയ ഇന്ത്യൻ ഇസ്ലാമിസ്റ്റുകളുടെ മുമ്പിൽ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ സെക്കുലർ ഗവൺമെന്റ് 1980 കളിൽ മുട്ടുമടക്കിയപ്പോൾ അദ്ദേഹവും അനുയായികലും കെട്ടിഘോഷിച്ച മതേതരരാഷ്ട്രീയം ഇരുട്ടിലൊളിക്കുകയായിരുന്നു.

മിസ്റ്റർ മേത്ത, ഇന്ത്യൻ റിപ്പബ്ലിക്കിനെ അപകടം ചെയ്ത മൂന്ന് ചരിത്രപരമായ തീരുമാനങ്ങൾക്ക് കാരണം നിങ്ങളുടെ വർഗ്ഗമാണ്. ഷാബാന കേസ്, അയോധ്യാപ്രശ്നം കുത്തിപ്പൊക്കിയത്, മൂന്നാതായി സൽമാൻ റുഷ്ദിയുടെ 'സാത്താനിക് വേഴ്സസിന്' ഏർപ്പെടുത്തിയ കുപ്രസിദ്ധമായ നിരോധനം.

ഇസ്ലാമിസ്റ്റുകളുടെ മുമ്പിൽ മതേതരത്വത്തിന്റെ സമ്പൂർണ്ണമായ ഈ കീഴടങ്ങൽ ഈ രാജ്യത്തെ ഭൂരിപക്ഷം ജനവിഭാഗം കൈയ്യുംകെട്ടി നോക്കിയിരിക്കുമെന്നാണ് മേത്തയിലെ ആദർശാധിഷ്ഠിത ചിന്തകൾ പ്രതീക്ഷിച്ചത്. പക്ഷേ ഈ മൂന്നു തീരുമാനങ്ങളും പാരമ്പര്യവാദികളെ പരിപോഷിപ്പിക്കുകയും അവരെ രാഷ്ട്രത്തിന്റെ വേരുകളിലേയ്ക്ക് പ്രത്യാന്വേഷണവുമായി ഇറങ്ങിച്ചെല്ലാൻ പ്രേരിപ്പിക്കുകയും ചെയ്തു.

ഇന്ത്യയുടെ ബൗദ്ധിക മുഖ്യധാരയിൽ പാക്കിസ്ഥാനികളായി വേഷം മാറി നടക്കുന്ന നിങ്ങളുടെ

മതേതര വർഗ്ഗങ്ങളെ പോലെയല്ല, പാരമ്പര്യമായിവാദികളാണ് യഥാർത്ഥ ഇന്ത്യക്കാർ. നിങ്ങളുടെ രാഷ്ട്രീയം ആവർത്തനമാണ്. റാസാ അക്കാഡമിയിലെ ബറാൻ വി ഇസ്ലാമിസ്റ്റുകളുടെ ഭീഷണിക്ക് വഴങ്ങി രാജസ്ഥാനിലെ മതനിരപേക്ഷ കോൺഗ്രസ്സ് ഗവൺമെന്റ് 2012 ൽ സൽമാൻ റഷ്ദിയെ ജയ്പ്പൂർ സന്ദർശിക്കാനനുവദിച്ചില്ലല്ലോ.

മേത്തയുടെ ആദർശാധിഷ്ഠിതവും ചരിത്രപരവുമായ അടിത്തറ നമുക്ക് ഇവിടെ കാണാം. അയാളുടെ ആശയപരമായ കൂട്ടാളികളും മുൻഗാമികളും ഖിലാഫത്ത് പ്രസ്ഥാനത്തെ പിന്താങ്ങിയതാണ്. ഈ കാലഘട്ടത്തിലെ ആഗോള ഇസ്ലാമിസ്റ്റുകളായ അലി സഹോദരൻമാരും മഹാത്മാഗാന്ധി നേതൃത്വം കൊടുത്ത ഇന്ത്യയിലെ മതേതരരാഷ്ട്രീയക്കാരും പിന്തുണച്ച രാഷ്ട്രീയപ്രസ്ഥാനമായിരുന്നു ഖിലാഫത്ത് പ്രസ്ഥാനം. അലിഗഡ് പ്രസ്ഥാനത്തോടു ചേർന്ന് ഖിലാഫത്ത് പ്രസ്ഥാനവും 1947 ലെ ഇന്ത്യാവിഭജനത്തിലേക്കാണ് നയിച്ചത്.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ കുറേക്കൂടി അക്രമാസക്തമായ പതിപ്പാണ് ഇന്ന് അബൂബക്കർ അൽ ബാഗ്ദാദി നയിക്കുന്ന ഇസ്ലാമിക് സ്റ്റേറ്റ്. ധാരാളം ഇന്ത്യൻ മുസ്ലീങ്ങൾ ഐ.എസ്.ഐ.എസിലേക്ക് ആകർഷിക്കപ്പെടുകയും അതിൽ അംഗങ്ങളാകുകയും ചെയ്തുകൊണ്ടിരിക്കുമ്പോഴും ഇന്ത്യയിലെ മതേതര ജേണലിസ്റ്റുകളും കമന്റേറ്റർമാരും അബൂബക്കർ അൽ ബാഗ്ദാദിയെക്കുറിച്ചു മൗനം പാലിക്കുകയാണെന്ന് ഓർക്കണം.

17ാം നൂറ്റാണ്ടിലെ അബൂബക്കർ അൽ ബാഗ്ദാദിയായ ഔറംഗസീബിനെ പ്രകീർത്തിച്ചുകൊണ്ടാണല്ലോ മിസ്റ്റർ മേത്ത, ഞങ്ങളുടെ ടിവി സ്റ്റുഡിയോകളിലും പത്രമാഫീസുകളിലുമുള്ള താങ്കളുടെ ആശയബന്ധുക്കൾ ഈയിടെ സംസാരിച്ചത്. 'ഇന്ത്യയുടെ കവചമായ (Shield of India) ഗുരു തേജ് ബഹാദൂറിനെ ഇസ്ലാമിലേക്ക് മതം മാറാൻ വിസമ്മതിച്ചതിന് ഡൽഹിയിലെ പൊതു സ്ഥലത്ത് വെച്ച് 1675 ൽ ശിരച്ഛേദം ചെയ്യാൻ ആജ്ഞാപിച്ചത് ഈ നെഗറ്റീവ് അല്ലേ? ഇന്ന് ഇറാഖിലേയും സിറിയയിലേയും പൊതു സ്ഥലങ്ങളിൽ മുസ്ലീങ്ങളല്ലാത്തവരെ കടകട ശിരച്ഛേദം ചെയ്യുന്നത് ഇതേ രീതിയിൽ തന്നെയല്ലേ?

തന്റെ ലേഖനത്തിൽ സാംസ്കാരികവകുപ്പുമന്ത്രി മനേഷ് ശർമക്കു പറ്റിയ ഒരു നാക്കുപിഴയിലാണ് മേത്ത കേറിപ്പിടിക്കുന്നത്. കലാമിനെ പ്രകീർത്തിക്കുന്നിടത്ത് ഒരു മുസ്ലീമായിരുന്നിട്ടുപോലും എന്ന മുനവെച്ച പരാമർശനത്തെ തരുൺ വിജയ് പ്രതിനിധീകരിക്കുന്ന ധാർമ്മിക അന്ധതയുടെ ചിത്രീകരണമായിട്ടാണ് മേത്ത സൂചിപ്പിക്കുന്നത്. ഒരു വികസ്വര ജനാധിപത്യമെന്ന നിലയ്ക്ക് ഇന്ത്യക്കാർ തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികളെല്ലാം യൂണിവേഴ്സിറ്റി വിദ്യാഭ്യാസമുള്ളവരല്ല. അതുകൊണ്ട് തന്നെ കോട്ടും സൂട്ടുമിട്ട ലിബറലുകളുടെ ജടില ഭാഷയ്ക്ക് മുമ്പിൽ തങ്ങളുടെ പാണ്ഡിത്യം പ്രഖ്യാപിയ്ക്കാൻ നിർബന്ധിതനായി. നിഷ്കളങ്കരും സത്യസന്ധരുമായ അത്തരം സാമാജികർ ചിലപ്പോൾ ഈ നിയമനിർമ്മാതാക്കളോട് തങ്ങളുടെ ഡിഗ്രികൾ വെളിപ്പെടുത്താൻ ആവശ്യപ്പെടാറുണ്ട്. പലപ്പോഴും ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾക്ക് കോളേജ് ബിരുദധാരികളുടെ ബുദ്ധിപരമായ നിലവാരമുണ്ടാകണമെന്നില്ല. ഒരു സർട്ടിഫിക്കറ്റും ഡിഗ്രിയും തമ്മിൽ വേർതിരിച്ചറിയാത്തവരാകാം.

''തുങ്കുവരദരാജൻ നമ്മുടെ മന്ത്രിയെ സംസ്കാരശൂന്യനെന്ന് വിശേഷിപ്പിച്ചുകൊണ്ടെഴുതുന്നു. നാക്കുപിഴയാണെങ്കിൽപോലും അത് ഒരാളുടെ ചിന്താഗതിയെ സൂചിപ്പിക്കുന്നു. മുസ്ലീമായിട്ട് പോലും മഹാനായ ദേശീയനേതാവായിരുന്നു എ.പി.ജെ. അബ്ദുൾകലാം എന്ന് 'സംസ്കാരശൂന്യനായ' സാംസ്കാരികവകുപ്പുമന്ത്രി പറയുന്നു.'' വരദരാജനും മേത്തയും പറയുന്ന തനുസരിച്ച് ഇന്ത്യൻ മുസ്ലീങ്ങൾ ഇന്ത്യൻ മുസ്ലീം നാസ്തികൻമാരേയും സ്വതന്ത്രചിന്തകരേയും ഇസ്ലാമിക് പൗരത്വം മുദ്രകുത്തുന്നത്. യഥാർത്ഥ മുസ്ലീം അല്ലെന്നും പാതി മുസ്ലീം പോലും അല്ലെന്നുമാണ് ഒന്നാമതായി ഒരു ഇന്ത്യക്കാരനല്ല മറിച്ച് ഒന്നാമതായി ഒരു മുസ്ലീമായിരിക്കുക എന്നതാണ് ഇന്ത്യൻ മുസ്ലീമിന്റെ കാരത്തിൽ ഉദ്ദേശിക്കുന്നത്. നമുക്ക് അതിന്റെ മറുപുറം വായിച്ചെടുക്കാം.



മഹേഷ് ശർമ

മേത്തയെപ്പോലുള്ള മതേതരവാദികൾ കഴിഞ്ഞ അരനൂറ്റാണ്ടായി തങ്ങളുടെ ഇന്ത്യാചർച്ചകളിൽ ഇസ്ലാം Vs ഇൻഡ്യൻ എന്ന ഈ ദ്വന്ദ്വത്തെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വരദരാജൻ പറയുന്നതിങ്ങനെയാണ് മന്ത്രിയുടെ പ്രസ്താവന കേവലം നാക്കുപിഴ മാത്രമല്ല കടുത്ത സാമൂഹിക യാഥാർത്ഥ്യം തന്നെയാണ് അതിലൂടെ പുറത്തുവന്നത്. '' ഒരാളുടെ നാക്കു പിഴയ്ക്കുന്നത് അയാളുടെ മനസ്സിന്റെ ദിശയിലേയിരിക്കുമെന്ന് അംഗീകരിക്കണമെങ്കിൽ അങ്ങിനെയാവാം. ഇതു കേട്ടാൽ തോന്നും മേത്തയും വരദരാജനും എന്തിന് അമർത്യസെന്നിനുപോലു ഒരൊറ്റ മനസ്സേഉള്ളൂ എന്ന്.

അതുകൊണ്ട് മിസ്റ്റർ മേത്ത നിങ്ങളുടെ ആളുകൾ പത്രപ്രവർത്തകർ, അക്കാഡമിക് ബുദ്ധിജീവികൾ വസ്തുനിഷ്ഠനയപത്രപ്രവർത്തകരായും കമന്റേറ്റർമാരായും

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ കുറേക്കൂടി അക്രമാസക്തമായ പതിപ്പാണ് ഇന്ന് അബൂബക്കർ അൽ ബാഗ്ദാദി നയിക്കുന്ന ഇസ്ലാമിക്സ്റ്റേറ്റ്. ധാരാളം ഇന്ത്യൻ മുസ്ലീങ്ങൾ ഐ.എസ്.ഐ.എസിലേക്ക് ആകർഷിക്കപ്പെടുകയും അതിൽ അംഗങ്ങളാകുകയും ചെയ്തുകൊണ്ടിരിക്കുമ്പോഴും ഇന്ത്യയിലെ മതേതര ജേണലിസ്റ്റുകളും കമന്റേറ്റർമാരും അബൂബക്കർ അൽ ബാഗ്ദാദിയെക്കുറിച്ചു മൗനം പാലിക്കുകയാണെന്ന് ഓർക്കണം.

ഓരോ ഇന്ത്യാക്കാരനും ഒരു ഓൺലൈൻ ന്യൂസ്പേപ്പർ പ്രസിദ്ധീകരിക്കാവുന്ന രീതിയിൽ ഫെയ്സ്ബുക്കുമായി ചേർന്ന് ഒരു സംയുക്തസംരഭത്തിന് നരേന്ദ്രമോഡി തയ്യാറായാൽ നന്നായിരിക്കും. അത്തരമൊരു സംരഭം മേത്തമാരുടേയും അമർത്യാസെൻമാരുടേയും രാഷ്ട്രീയ ശ്മശാനമായിരിക്കും.

നടിക്കുന്ന ടെലിവിഷൻ ആങ്കർമാർ എ.പി.ജെ. അബ്ദുൾ കലാമിനെ ഇഷ്ടപ്പെടാത്തത് യാദൃശ്ചികമൊന്നുമല്ല. സ്ക്കൂൾ കുട്ടികൾ സ്നേഹിച്ചിരുന്ന മുൻ രാഷ്ട്രപതിയും ശാസ്ത്രജ്ഞനായിരുന്നുവല്ലോ അദ്ദേഹം.

പക്ഷേ സാംസ്ക്കാരിക വകുപ്പുമന്ത്രി ശർമ്മ ഉന്നയിച്ച ചോദ്യം പ്രസക്തംതന്നെയാണ്. ചരിത്രത്തിലേക്ക് നമുക്ക് ഒന്നു തിരിഞ്ഞുനോക്കാം.

1857ൽ ഹിന്ദുക്കളും മുസ്ലീങ്ങളും ബ്രിട്ടീഷുകാർക്കെതിരായി ഒന്നിച്ചു യുദ്ധം ചെയ്തു. എന്നാൽ യുദ്ധം കഴിഞ്ഞയുടനെ മുസ്ലീങ്ങൾ ഈ കൂട്ടായ്മയിൽനിന്ന് വേർപിരിഞ്ഞു. ഉദാഹരണത്തിന് പാക്കിസ്താൻ മൂവ്മെന്റിന് രൂപം കൊടുത്ത ഒരു യൂണിവേഴ്സിറ്റിതന്നെ സയ്യദ് അഹമ്മദ് ഖാൻ സ്ഥാപിച്ചു. 1980 കളിൽ CIA അവിശ്വാസികളുമായി അഫ്ഗാനിസ്ഥാനിൽ മുസ്ലീങ്ങൾ ഒന്നിച്ചു പോരാടിയപ്പോഴും കണ്ടത് ഇതേ പ്രതിഭാസമാണ്. യുദ്ധം കഴിഞ്ഞയുടനെ കാശ്മീരിൽ ജിഹാദിസ്റ്റ് പദ്ധതികൾക്ക് തിരികൊളുത്തികൊണ്ട് മുസ്ലീങ്ങൾ വേർതിരിഞ്ഞു.

കുറച്ചുകൂടി പുറകോട്ട് പോയാൽ ഏഴാം നൂറ്റാണ്ടിൽ മെക്കയിലെ അമുസ്ലീങ്ങൾ തങ്ങളോട് ചേർന്ന് നിൽക്കാനും അധികാരം പങ്കിടാനും പ്രവാചകനോട് അവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെ ''നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്കെന്റേത്'' ഇസ്ലാമിലെ സഹവർത്തിത്വത്തെ എടുത്തുകാണിക്കുവാൻ വേണ്ടി ലിബറലുകൾ സാധാരണയായി ചൂണ്ടിക്കാണിക്കുന്നതാണ്. ഈ ഖുറാൻ വചനം (ഖുറാൻ – 109: 6) എന്നാൽ വാസ്തവമെന്താണ്? മെക്കക്കാരുടെ ബഹുസ്വരതയെ എതിർത്തുകൊണ്ട് വെളിവാക്കപ്പെട്ടവചനങ്ങളാണിവ.

ഇതുകൊണ്ടുതന്നെയാണ് ഒരു ദുർബ്ബലനിമിഷത്തിൽ മഹേഷ് ശർമ്മ സത്യം വിളിച്ചുപറഞ്ഞുപോയത്. അബോധപൂർവ്വമായിട്ടാണെങ്കിലും ഇന്ത്യാചരിത്രത്തെയും ഭരണഘടനയെയും സമകാലിക ഇസ്ലാമിസത്തോട് ചേർത്തുവെക്കുകയാണ് ശർമ്മ ചെയ്തത്.

ഇന്ത്യൻ ബൗദ്ധിക സംവാദങ്ങളുടെ ശക്തികേന്ദ്രങ്ങളാണല്ലോ അമർത്യാസെൻമാരും പി.ബി മേത്തമാരും. ഇവരോടാണ് ശർമ്മ സത്യം വിളിച്ചുപറഞ്ഞത്. ഈ രീതിയിൽ സത്യം വെളിപ്പെടുത്തിയതിന് അദ്ദേഹത്തിന്റെ കൂട്ടാളികൾക്ക് നീരസമുണ്ടായത് സ്വാഭാവികം മാത്രം.

ഔറംഗസീബ് റോഡ് എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിൽ പുനർനാമകരണം ചെയ്യുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു സാംസ്ക്കാരിക വകുപ്പുമന്ത്രി. ഹിന്ദുക്കളെ കശാപ്പുചെയ്ത ഔറംഗസീബിനെ സ്നേഹിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന മേത്തയുടെ കൂട്ടാളികൾ എ.പി.ജെ. അബ്ദുൾകലാമിനെ ഒരിയ്ക്കലും ഇഷ്ടപ്പെടുകയില്ലല്ലോ.

അമർത്യാസെൻമാരും വരദരാജൻമാരും മേത്തമാരും നാലുകാര്യങ്ങൾ ചെയ്യാനുണ്ട്.

1. നിങ്ങളെപ്പോലെ കൊൽക്കത്ത പ്രസിഡൻസി കോളേജിലോ ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജിലോ പഠിച്ചിട്ടില്ലാത്ത പാർലമെന്റ് മെമ്പർമാരെ എപ്പോഴും അധിക്ഷേപിക്കുന്നത് നിർത്തുക.

2. നിങ്ങളുടെ ലിബറൽ വിജ്ഞാനശേഖരങ്ങളെയും അവയുടെ ധാർമ്മികപ്രസക്തിയേയുംകുറിച്ച് ആഴത്തിൽ പരിശോധിക്കുക. (ഉദാഹരണത്തിന്, യു.എസ്.എസ്. ആറിൽ 20 മില്യൺ ആളുകളെ സ്റ്റാലിൻ കശാപ്പുചെയ്തതിന്റെയും മാവോയുടെ ചൈനയിൽ 65 മില്യൺ ആളുകൾ സമാനമായരീതിയിൽ കൊല്ലപ്പെട്ടതിന്റെയും പശ്ചാത്തലത്തിൽ)

3. സംസ്ക്കാരശൂന്യരും''''വിദ്യാഭ്യാസമില്ലാത്തവരുമായ ഈ ജനപ്രതിനിധിമാരും മന്ത്രിമാരും വരുന്നത് എവിടെ നിന്നാണെന്ന് അറിയാൻ ശ്രമിക്കുക.

4. നമ്മുടെ ചരിത്രത്തേയും സമൂഹത്തെയും കുറിച്ചുള്ള സത്യങ്ങൾ മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ യുവത്വത്തിന് വേണ്ടി യുക്തിസഹമായ അപഗ്രഥപഠനങ്ങൾ തയ്യാറാക്കുന്ന നിങ്ങൾ മനസ്സുവെച്ചാൽ അഞ്ചാമതൊരു കാര്യവുംകൂടി ചെയ്യാൻ പറ്റും. നിങ്ങളുടെ മുൻവിധികളെ നിങ്ങളുടെ എഴുത്തുകളിൽനിന്നു മാറ്റിനിർത്തുക. മഹത്തായ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഉല്പന്നങ്ങളാണ് നമ്മുടെ നിയമനിർമാതാക്കൾ പക്ഷേ, മേത്തതാങ്കളെപ്പോലുള്ള അപഗ്രഥന പടുക്കൾ സെന്റ് സ്റ്റീഫൻസ് കോളേജിന്റെ ഉൽപ്പന്നങ്ങളാണ്; ''ഇന്ത്യ കോളേജ് ഓഫ് ഡമോക്രസി'' യുടേതല്ല.

നമ്മുടെ മാധ്യമങ്ങളിൽ പാക്കിസ്താനികളെപ്പോലെ സംസാരിക്കുന്ന ചില ഇന്ത്യൻ കമന്റേറ്റർമാരുണ്ട്. പാക്കിസ്താന്റെ സ്വന്തം എഴുത്തുകാർ അവരുടെ സാമൂഹിക യാഥാർത്ഥ്യങ്ങളെ വ്യക്തതയോടെ ചിത്രീകരിക്കുമ്പോൾ അവിടുത്തെ കുഴപ്പങ്ങളിലും സർഗ്ഗാത്മകത കണ്ടെത്തുന്നയാളാണ് മേത്ത.

മിസ്റ്റർ മേത്ത, ഇന്ത്യക്കാരനെപോലെ വേഷപ്രച്ഛന്നനായി 'ഇന്ത്യൻ' മുഖ്യധാരയിൽ നിൽക്കുന്ന ഒരു പാക്കിസ്താനി പൗരനാണെന്ന തോന്നലാണ് താങ്കൾ ഉളവാക്കുന്നത്. തുർക്കിയിലെ തീവ്രഇസ്ലാമിസ്റ്റുകളെ ഇവിടെ, ഇന്ത്യയിൽ, പിന്തുണച്ചു കൊണ്ടിരുന്ന ഗാന്ധിയെപ്പോലെ.

പാക്കിസ്താന്റെ സാംസ്ക്കാരികശോഷണത്തിൽ സർഗ്ഗാത്മകത നഷ്ടപ്പെടുന്നു എന്ന് നിരീക്ഷിച്ച തരുൺ വിജയിനെ താങ്കൾ പരിഹസിക്കുകയാണ്. പക്ഷേ പ്രസിദ്ധയായ പാക്കിസ്താനി ചരിത്രകാരി അയേഷാ ജലാൽ പാകിസ്താൻ ഒരു വൈജ്ഞാനിക നിശ്ചേതനാവസ്ഥയിലേക്ക് പ്രവേശിച്ചതായി നിരീക്ഷിക്കുന്നു.

താങ്കളെപ്പോലുള്ള കമന്റേറ്റർമാർ സത്യസന്ധരാണെന്നും തോന്നുന്നില്ല. പൊതു ചർച്ചകളിൽ നിഷ്പക്ഷമായ അനലിസ്റ്റായിട്ടാണ് താങ്കളുടെ ഭാവമെങ്കിലും താങ്കളുടെ ലേഖനത്തിൽ തുടക്കത്തിലുള്ള നികൃഷ്ടപദങ്ങൾ തന്നെ താങ്കളുടെ ബൗദ്ധികമായ ദുരുദ്ദേശത്തെ വ്യക്തമാക്കുന്നു.

'നികൃഷ്ടവും സദാചാരപരമായി അറപ്പും വെറുപ്പും ഉളവാക്കുന്ന ഒരു പൊതു പ്രസംഗത്തിന് ഉദാഹരണമാണ്.

ക്ഷമിക്കണം, താങ്കളെപ്പോലെ ദീർഘദർശിയും സ്ഥിതപ്രജ്ഞനുമായ ഒരു കമന്റേറ്റർ ഇത്തരത്തിലല്ല, ഗൗരവതരമായ ഒരു അപഗ്രഥന ചർച്ച തുടങ്ങേണ്ടത്. ഇത് അപഗ്രഥനമല്ല, പുലഭ്യം പറച്ചിലാണ്, ഒരു പടികൂടി കടന്ന്, ഇന്ത്യൻ പാർലമെന്റിലെ ഒരു സിറ്റിംഗ് മെമ്പർക്കെതിരായ നീചമായ കടന്നാക്രമണമാണത്.

മേത്തയുടെ ലേഖനത്തിൽ തലക്കെട്ട് '' ദാദ്രി കൊല - പാർട്ടിയും അതിന്റെ വിഷവും എന്നാണ് എന്നത് രസകരം തന്നെ.

ഈ രാഷ്ട്രത്തിലെ സംവാദങ്ങളെ ബാധിച്ചിരിക്കുന്ന ഈ വിഷത്തിന്റെ വിത്തുകളും ഫലങ്ങളുമാണ് നിഷ്പക്ഷമായി പറഞ്ഞാൽ അക്കാദമിക് മേഖലകളിലും മാധ്യമ വ്യവസായത്തിലുമായി നിറഞ്ഞുനിൽക്കുന്ന നിങ്ങളും നിങ്ങളുടെ വർഗ്ഗക്കാരുമെന്നതാണ് സത്യം.

''ദാദ്രി കൊലപാതകത്തിന് മുഴുവൻ ഉത്തരാവാദിത്വം മോഡിയാണ് എന്ന തലക്കെട്ടിൽ താങ്കളുടെ ലേഖനം ''ഹഫിംഗ് ടൺ പോസ്റ്റിൽ' ൽ പ്രസിദ്ധീകരിച്ചുവല്ലോ.

ഇന്ത്യൻ എക്സ്പ്രസ്സിന്റെ വെബ്സൈറ്റിലും വന്നു താങ്കളുടെ ലേഖനം. വിഷം പരത്തുന്നതിൽ മോദിയുടെ ഉത്തരവാദിത്വം എന്തെന്ന് ദാദ്രി നമ്മെ ഓർമ്മപ്പെടുത്തുന്നു. - എന്ന തലക്കെട്ടിൽ.

തുറന്നു ചോദിക്കട്ടെ, മിസ്റ്റർ മേത്ത, ഗോമാംസത്തെക്കുറിച്ച് ചൊല്ലി സംഘർഷങ്ങൾ നടന്നിരുന്ന അക്ബറുടെ കാലഘട്ടത്തിലാണ് മോദി ജനിച്ചതെന്ന് താങ്കൾ വിശ്വസിക്കുന്നുണ്ടോ?

പോളിറ്റ് ബ്യൂറോമെമ്പർമാരുടെ ഭാര്യമാർ എഡിറ്റർമാരാകുമ്പോൾ, ബലികഴിക്കപ്പെടുന്നത് പാണ്ഡിത്യമാണ്; സത്യമെന്നത് വെറും പേനയുടെ വെപ്പാട്ടിമാത്രം. ഇന്ത്യൻ എക്സ്പ്രസ്സിന്റെ മുദ്രാവാക്യം ''ധീരതയുടെ പത്രപ്രവർത്തനം'' എന്നാണോ ''ഭീരുത്വത്തിന്റെ പത്രപ്രവർത്തനം '' എന്നാണോ'' എന്ന് അന്ധാളിച്ചു നിൽക്കുകയാണ് സമകാലിക ഇന്ത്യൻ യുവത്വം.

ലിബറൽ ബുദ്ധിജീവികളെക്കുറിച്ച് ജോർജ്ജ് ഓർവൽ എഴുതിയതിങ്ങനെ:- ''സാധാരണ ജനങ്ങളെക്കാളും ഏകാധപത്യപ്രവണതയുള്ളവരാണവർ. സ്വേച്ഛാധിപത്യരീതികളെ സ്വാഗതം ചെയ്യാൻ അവർ തികച്ചും തയ്യാറാണ്. രഹസ്യപോലീസ്, ചരിത്രത്തിന്റെ ക്രമാനുഗതമായ അപനിർമ്മാണം, എന്നിങ്ങനെ .... എല്ലാം തങ്ങൾക്ക് അനുകൂലമാണെങ്കിൽ മാത്രം. ഇന്ത്യയിലെ, വിശപ്പിന്റെ വിലയറിഞ്ഞിട്ടില്ലാത്ത എഴുത്തുകാരും, പത്രപ്രവർത്തകരും, കമന്റേറ്റർമാരും ഒന്നും സാമൂഹിക യാഥാർത്ഥ്യങ്ങളോട് ചേർന്ന് നിന്നിട്ടില്ല എന്നത് ശ്രദ്ധേയമാണ്. അവർ പലപ്പോഴും മതേതരവാദികളാണ്. സ്വതന്ത്രചിന്തകരാണ്, കമ്മ്യൂണിസ്റ്റുകളുമാണ്, കഴിഞ്ഞ ആറു പതിറ്റാണ്ടുകളായി ഇന്ത്യയിലെ ഈ 'ത്രീ- ഇൻ-വൺ' ബുദ്ധിജീവികൾ മുന്നോട്ടുവെച്ച നയപരിപാടികളാണ് നമ്മുടെ പെൺകുട്ടികളെ ട്രാഫിക് ലൈറ്റിന് കീഴെ ഭിക്ഷയാചിക്കേണ്ട ഗതികേടിലേക്ക് തള്ളിവിട്ടത്.

ദന്തഗോപുരങ്ങളിലിരുന്ന് പേനയിൽ നിന്നും രക്തം ചിന്തുന്നതിൽ സന്തോഷം കണ്ടെത്തുന്നവരാണ് ഇന്ത്യയിലെ ഭൂരിഭാഗം ഇടത്- ലിബറൽ ആക്ടിവിസ്റ്റുകളും. ചിലർ മതംമാറി, ഒരു പ്രൊഫസർഷിപ്പ് തരപ്പെടുത്തുന്നു അല്ലെങ്കിൽ ഒരു പ്രൊഫസറായ മദാമ്മയെ കല്യാണം കഴിച്ച് പാശ്ചാത്യനാടുകളിൽ താമസമുറപ്പിക്കുന്നു.

തങ്ങളുടെ സെക്കുലർ പാർട്ടി അധികാരത്തിലിരുന്ന കഴിഞ്ഞ ആറുപതിറ്റാണ്ടുകളിൽ ഒരിക്കൽപോലും ദാരിദ്ര്യത്തെ ദേശീയ അജണ്ടയായി മുന്നോട്ടുവെക്കാൻ മേത്തയേയും അമർത്യാസെന്നിനെയും പോലുള്ള ബുദ്ധിജീവികൾ തയ്യാറായിട്ടില്ല.

എന്നാൽ ആദ്യമായി ഇതാ ഒരു ചായക്കടക്കാരൻ ഒരു സർവ്വോന്നത പദവിയിലെത്തിയിരിക്കുന്നു. കക്കൂസുകൾ നിർമ്മിക്കുക, റോഡുകൾ വൃത്തിയാക്കുക, നൈപുണ്യശേഷി വികസനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുക, എന്നു വേണ്ട ദൂരവ്യാപകവും ശാശ്വതങ്ങളുമായ ഫലങ്ങൾ ഉണ്ടാക്കുന്ന അടിസ്ഥാനപരമായ പരിഷ്ക്കാരങ്ങൾക്ക് മോദി മുൻഗണന കൊടുക്കുമ്പോൾ ന്യൂസ് റൂമുകളിൽ മേത്തയുടെ കൂട്ടാളികൾ അസ്വസ്ഥരാവുന്നത് സ്വാഭാവികം മാത്രം.

ഞാൻ ബി.ജെ.പിയോ ആർ. എസ്.എസിനേയോ പിന്തുണക്കാനോ ആഗ്രഹിക്കുന്നില്ല. പക്ഷേ, ഈ ചരിത്രത്തിന്റെ വഴിത്തിരിവിൽ ബി.ജെ.പിയെ ഇന്ത്യയിലെ ഏറ്റവും വലിയ ഒറ്റകക്ഷിയാക്കിമാറ്റാൻ മോദി അക്ഷീണപരിശ്രമം നടത്തുന്നു എന്നത് സുവ്യക്തമാണ്. പ്രത്യേകിച്ചും കുടുംബപാരമ്പര്യമുള്ള കോൺഗ്രസ്സ് പാർട്ടിയെ ഉൾപ്പാർട്ടി ജനാധിപത്യം നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ.

മേത്തയുടെ എഴുത്തിന്റെ ഉദ്ദേശ്യം ഇന്ത്യയെക്കുറിച്ചോ, ഇന്ത്യൻ മുസ്ലീങ്ങളെക്കുറിച്ചോ, ഹിന്ദു-മുസ്ലീം ബന്ധത്തെക്കുറിച്ചോ ഉള്ള ഉത്കണ്ഠയല്ല, മറിച്ച് മോദിക്കെതിരെ മറ്റൊരു ആക്രമണം അഴിച്ചു വിടുക എന്നതാണ് അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ ലേഖനത്തിന്റെ വ്യത്യസ്തമായ മൂന്നുതലക്കെട്ടുകൾ സൂചിപ്പിക്കുന്നു.

സോഷ്യൽ മീഡിയ ഇന്ത്യയിലെ സാധാരണക്കാരന്റെ രക്ഷക്കെത്തിയിരിക്കുന്നു എന്നത് രസകരമായ കാര്യമാണ്. അതിലും രസകരമായ കാര്യം താങ്കളെപ്പോലുള്ള ചിന്താരാക്ഷസൻമാർ സോഷ്യൽ മീഡിയയെ വെറുക്കാൻ തുടങ്ങിയിരിക്കുന്നു എന്നതാണ്. ഏറ്റവും പ്രധാനം ക്ഷണനേരം കൊണ്ട് തന്നെ സോഷ്യൽമീഡിയക്ക് താങ്കളെപ്പോലുള്ളവരെ തുറന്നു കാണിയ്ക്കാൻ പറ്റുമെന്നതാണ്.

ഓരോ ഇന്ത്യാക്കാരനും ഒരു ഓൺലൈൻ ന്യൂസ്പേപ്പർ പ്രസിദ്ധീകരിക്കാവുന്ന രീതിയിൽ ഫെയ്സ്ബുക്കുമായി ചേർന്ന് ഒരു സംയുക്തസംരഭത്തിന് നരേന്ദ്രമോഡി തയ്യാറായാൽ നന്നായിരിക്കും. അത്തരമൊരു സംരഭം മേത്തമാരുടേയും അമർത്യാസെൻമാരുടേയും രാഷ്ട്രീയ ശ്മശാനമായിരിക്കും. ഇന്ത്യൻ ജനതയെ അധികാര ശൂന്യരാക്കുന്ന പാതി- ഇറ്റാലിയൻ- 'പാതി- ഇന്ത്യൻ' വംശാധിപത്യത്തിൽ വേരൂന്നിയുള്ള പൊതു സംവാദങ്ങളുടെ ബർലിൻ മതിൽ തകർക്കാൻ ആ സംരഭത്തിനാകും. അതിനിടെ നിങ്ങളുടെ സ്വന്തം ലേഖനത്തിലെ അവസാന വാക്യങ്ങളിൽ ഏതാനും ഭേദഗതികളിലൂടെ-

ഇന്ത്യയുടെ ആത്മാവിന് നേരെയുള്ള ഭീഷണി ഉയിർകൊള്ളുന്നത്, മറ്റെവിടെ നിന്നുമല്ല, സംവാദങ്ങളുടെ കേന്ദ്രങ്ങളിൽ നിന്നുതന്നെയാണെന്ന് നമ്മെ ഓർമ്മിപ്പിച്ചതിന് പ്രതാപ് ഭാനുമേത്തയോട് നാം കടപ്പെട്ടിരിക്കുന്നു. മറിച്ചുചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കേണ്ടതും ഇതേ കേന്ദ്രങ്ങൾ തന്നെയാണ്. പ്രത്യേകിച്ച് മേത്തയും സെന്നും. ■

(അമേരിക്കയിലെ മിഡിൽ ഈസ്റ്റ് മീഡിയ റിസർച്ചിന്റെ സൗത്ത് ഏഷ്യൻ സ്റ്റഡീസ് ഡയറക്ടറാണ് ലേഖകൻ)